# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

2 അടി വീതി നടപ്പ വഴിയുള്ള സ്ഥലത്ത് വീട് നിർമ്മാണം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 3170** **21.08.17-ൽ മറുപടി നൽകേണ്ടത്**

| | ചോദ്യം<br>ശ്രീ.പി.സി. ജോർജ് | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് 2 അടി വീതി മാത്രം നടപ്പവഴിയുള്ള സ്ഥലത്ത് വീട് പണിയുന്നതിന് എന്തെങ്കിലും പുതിയ മാനദണ്ഡം ഉണ്ടോ; | (എ)<br>&<br>(ബി) | 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടത്തിലെ ചട്ടം 33 പ്രകാരം 300 sq.m. വരെ തറവിസ്തീർണ്ണമുള്ള ഏകവാസഗൃഹത്തിന്റെ നിർമ്മാണത്തിന് വഴിയുടെ വീതി തടസ്സമല്ല. 300 sq.m. വരെയുള്ള ബഹുവാസഗൃഹത്തിന് കുറഞ്ഞത് 1.2m വീതിയുണ്ടായിരി-ക്കണം. 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 37 പ്രകാരം 300sq.m. വരെ തറവിസ്തീർ-ണ്ണമുള്ള രണ്ടുനിലയുള്ള ഏകവാസ-ഗൃഹത്തിന് വഴിയുടെ വീതി തടസ്സമല്ല. എന്നാൽ 300 sq.m. വരെയുള്ള ഒറ്റനില ബഹുവാസഗൃഹത്തിന് കുറഞ്ഞത് 1.2m വഴി വീതി ആവശ്യമാണ്. 300sq.m. വരെയുള്ള രണ്ടുനില ബഹുവാസഗൃഹ-ത്തിന് കുറഞ്ഞത് 2.0m വഴി വീതി-യുണ്ടായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | ഇങ്ങനെ 2 അടി വീതി നടപ്പ വഴിയുള്ള സ്ഥലത്ത് കെട്ടിട നിർമ്മാണ ചട്ടപ്രകാരം എത്ര സ്ക്വയർ ഫീറ്റ് ഉള്ള കെട്ടിടം വരെ നിർമ്മിക്കാനാകും; വിശദമാ-ക്കുമോ; ബഹുനില കെട്ടിടം പണിയുവാൻ സാധിക്കുമോ; | | |
| (സി) | ഇങ്ങനെ 2 അടി വീതി മാത്രം നടപ്പ് വഴിയുള്ള സ്ഥലത്ത് വീട് പണിയുവാൻ പഞ്ചായത്തിലും, മുനിസിപ്പാലിറ്റിയിലും . കോർപ്പറേഷനുകളിലും വ്യത്യസ്ഥ | (സി) | അതെ. പഞ്ചായത്തുകളിൽ 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളും മുനിസിപ്പാലിറ്റികളിലും മുനിസി-പ്പൽ കോർപ്പറേഷനുകളിലും 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ |

| | | | |
|---|---|---|---|
| | നിയമമാണോ;വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | | ചട്ടങ്ങളുമാണ് ബാധകം. |

സെക്ഷൻ ഓഫീസർ